**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3513** **11.12.2018 ലെ മറുപടിക്ക്**

## ആലത്തൂർ മണ്ഡലത്തിൽ ഹരിതകേരളം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ഡി.പ്രസേനൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) ആലത്തൂർ മണ്ഡലത്തിൽ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ കൃഷിഭവൻ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ; | (എ) ഹരിതകേരളം മിഷന്റെ ഭാഗമായി സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന സുജലം സുഫലം പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.<br>**1.കിഴക്കഞ്ചേരി**<br>i)250 യൂണിറ്റ് പച്ചക്കറി കിറ്റ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.<br>ii) 20 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയ്ക്ക് കൂലിച്ചെലവ് നൽകി.<br>iii) 12500 തെങ്ങിന് ജൈവവളം നൽകി.<br>iv) 490 ഹെക്ടർ നെൽകൃഷിയ്ക്ക് ഉഴവുകൂലി നൽകി.<br>v) 32000 എണ്ണം പച്ചക്കറി തൈകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.<br>vi) 4302 കിറ്റ് പച്ചക്കറി വിത്ത് വിതരണം ചെയ്തു.<br>vii) 55 യൂണിറ്റ് ഗ്രോബാഗുകൾ വിതരണം ചെയ്തു.<br><br>**2.ആലത്തൂർ**<br><br>I) 10 ഹെക്ടർ തരിശ് ഭൂമിയിൽ നെൽകൃഷി ചെയ്തു.<br>II) 50 യൂണിറ്റ് ഗ്രോബാഗുകൾ വിതരണം |

| | |
|---|---|
| | ചെയ്തു.<br>III) 32000 എണ്ണം പച്ചക്കറി തൈകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.<br>IV) 5 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് നൽകി.<br>V) 3 കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു.<br>VI) 4302 കിറ്റ് പച്ചക്കറി വിത്ത് വിതരണം ചെയ്തു.<br>VII) 0.4 ഹെക്ടർ തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്തു.<br>VIII) 425 ഹെക്ടർ നെൽകൃഷിയ്ക്ക് ഉഴവു കൂലി നൽകി.<br><br>**3. എരിമയൂർ**<br><br>I) 55 യൂണിറ്റ് ഗ്രോബാഗുകൾ വിതരണം ചെയ്തു.<br>II) 32000 എണ്ണം പച്ചക്കറി തൈകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.<br>III) 2 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയ്ക്ക് കൂലിച്ചെലവ് നൽകി.<br>IV) 4302 കിറ്റ് പച്ചക്കറി വിത്ത് വിതരണം ചെയ്തു.<br>V) 1000 ഹെക്ടർ നെൽകൃഷിയ്ക്ക് ഉഴവുകൂലി നൽകി.<br>VI) ചാണകം പൊടിച്ചു കൊടുക്കുന്ന 3 യൂണിറ്റുകൾ നിർമ്മിച്ചു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര സ്ഥലം തരിശുവിമുക്തമാക്കി കൃഷി ചെയ്യുവാനായെന്നത് വിശദമാക്കാമോ ? | (ബി) 1.ആലത്തൂരിൽ 10 ഹെക്ടർ തരിശ് സ്ഥലത്ത് നെൽകൃഷി ചെയ്തു.<br>2.ആലത്തൂരിൽ 0.4 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തു. |
| (സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്താനിരിക്കുന്ന തുടർ പ്രവർത്തനങ്ങളുടെ വിവരണം നൽകാമോ ? | (സി) 1. തരിശ് ഭൂമിയിൽ രണ്ടാം വിളയും തുടർന്ന് ചെയ്തുകൊണ്ടിരിക്കുന്നു.<br>2. പരിസ്ഥിതി സൗഹൃദ കൃഷി നടപ്പിലാക്കുന്നു.<br>3. ആലത്തൂർ പഞ്ചായത്തിൽ 100 ഹെക്ടർ സ്ഥലത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നു. |

| | |
|---|---|
| | 4. ആലത്തൂർ, എരുമയൂർ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി തുടങ്ങി.<br>5. പച്ചക്കറി വിത്തുകളും, തൈകളും വിതരണം നടന്നു കൊണ്ടിരിക്കുന്നു. |
| | |

ഡെപ്യൂട്ടി സെക്രട്ടറി